**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **14-03-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി ഡി.എൽ.പി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളിലെ കൃത്യത ബോദ്ധ്യപ്പെടുന്ന തരത്തിലും ക്രമക്കേടൊഴിവാക്കാൻ ഇടപെടാൻ കഴിയും വിധവും ഓരോ ഘട്ടവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സാദ്ധ്യമാകുന്ന തരത്തിലും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി പുതിയ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും മിഷൻ PWD എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ ഭാഗമായി PWD Mission team ഉം District Infrastructure Co-ordination Committee (DICC) യും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ Project Management System ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 13/03/2021 തീയതിയിലെ സ.ഉ (സാധാ) നം.829/2021/പൊ.മ.വ പ്രകാരം ഉത്തരവാകുകയും പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി (DICC) District Infrastructure Co-ordination Committee രൂപീകരിക്കുകയും പദ്ധതിയുടെ നിരീക്ഷണത്തിന് ആവശ്യമായ Information System ഉണ്ടാക്കുന്നതിനായി "Project Management Templates” ഉപയോഗിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളുടെ സുഗമമായ നടത്തിപ്പും ഏകോപനവും ഉറപ്പാക്കുന്നതിനായി "Project Management Portal” ഉം ഉപയോഗിച്ച് വരുന്നു. നിർമ്മാണ പ്രവൃത്തികളിലെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ പ്രവൃത്തികളുടെ അളവുകൾ PRICE software – ൽ ഇ-എം ബുക്കിൽ രേഖപ്പെടുത്തുന്ന സംവിധാനം ഏർത്തിയിട്ടുണ്ട്. പ്രവൃത്തി നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള വ്യവസ്ഥകൾ കരാറിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ കരാർ വ്യവസ്ഥകൾ എല്ലാം PRICE |

| | | | |
|---|---|---|---|
| | | | software – ൽ Upload ചെയ്തിട്ടുള്ളതും ഉന്നതതലത്തിൽ നിരീക്ഷിക്കാൻ സംവിധാനം ഉള്ളതുമാണ്. ഇത് പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം തീരുമാനിക്കപ്പെടേണ്ടതാണ്. പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളിലെ ഓരോ ഘട്ടവും അറിയുവാൻ കഴിയുന്നതിന് pwd.kerala.gov.in എന്ന വെബ്സൈറ്റിലെ Pjojects ൽ പ്രധാനപ്പെട്ട പ്രവൃത്തികളുടെ പുരോഗതിയും, ഫോട്ടോയും അപ്പ് ലോഡ് ചെയ്യുന്നുണ്ട്. ഈ വെബ്സൈറ്റിൽ നിന്നും പ്രവൃത്തിയുടെ കരാറുകാരനെ സംബന്ധിച്ചും പ്രവൃത്തി പൂർത്തീകരണ തീയതിയും അറിയുവാൻ സാധിക്കും. നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ "PWD4U" മൊബൈൽ ആപ്പിലും "Ring road" ഫോണിൻ പ്രോഗ്രാമിലും ഉന്നയിക്കുവാൻ അവസരം ഉണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പരാതി പരിഹാര സംവിധാനം വഴിയും പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുവാൻ സാധിക്കും. |
| (ബി) | റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിന് ഡി.എൽ.പി. രീതി വ്യാപകമാക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഇത് വരെ 2293 ഡി.എൽ.പി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിപാലനം ഉറപ്പ് വരുത്തുന്നതോടൊപ്പം നിർമ്മാണ ഘട്ടത്തിൽ തന്നെ ഗുണമേന്മ ഉറപ്പ് വരുത്തുവാനും ഇത് സഹായകരമാകും. റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം പരിപാലിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. റോഡ് പ്രവൃത്തികൾ എല്ലാം തന്നെ നിശ്ചിത ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് ഉൾപ്പെടുത്തിയാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നത് . നിലവിൽ ഡിഫക്റ്റ് ലയബിലിറ്റി കാലാവധിയുള്ള റോഡുകൾ ഡി.എൽ.പി യുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന ബോർഡുകൾ സ്ഥാപിക്കുകയും തകരാറുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | വിവിധ പ്രവൃത്തികളുടെയും കെട്ടിടങ്ങളുടെയും പാലങ്ങളുടെയും അവസ്ഥയും പരിപാലനവും നിരീക്ഷിക്കാൻ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവയുടെ ഘടനയും കടമയും വ്യക്തമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ പ്രവൃത്തികളുടെ അവസ്ഥയും പരിപാലനവും അതാത് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിൽ നിർവ്വഹിക്കുന്നതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ, നിയോജക മണ്ഡല സമിതികൾ രൂപീകരിക്കുകയും, ഒരു നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ നിയോജക മണ്ഡല സമിതികൾ അതാത് നിയോജക മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രവൃത്തികളുടെ പുരോഗതി, കാലതാമസം, മറ്റു തടസ്സങ്ങൾ എന്നിവ അവലോകനം ചെയ്യുകയും പരാതികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ആവശ്യമെങ്കിൽ സൈറ്റുകൾ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. 01/01/2022 തീയതിയിലെ സ.ഉ(സാധാ) നം.8/2022/പൊ.മ.വ പ്രകാരം നിയോജക മണ്ഡലതല മോണിറ്ററിംഗിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ നോഡൽ ഓഫീസർമാരായി നിശ്ചയിക്കുകയും മുഴുവൻ പൊതുമരാമത്ത് പ്രവൃത്തികളുടെയും പുരോഗതി റിപ്പോർട്ട് സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് നല്കുന്നതിന് അവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഓഫീസർമാർ ചീഫ് നോഡൽ ഓഫീസറെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കേണ്ടതുണ്ട്. തുടർന്ന് സംസ്ഥാന തല നോഡൽ ഓഫീസർമാരുടെ പ്രവർത്തനങ്ങളും നിയോജക മണ്ഡലതല കമ്മിറ്റികളുടെയും സംസ്ഥാന തല ഏകോപനവും ചീഫ് നോഡൽ ഓഫീസറുടെ ആഭിമുഖ്യത്തിൽ സർക്കാർ തലത്തിൽ നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ എല്ലാ പ്രവൃത്തികളുടെയും പുരോഗതി സംബന്ധിച്ച ഓൺ ലൈൻ അപ്ഡേഷൻ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ